**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **11-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ സൂക്ഷ്മ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന എത്ര സൂക്ഷ്മ സംരംഭങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഇവയ്ക്ക് നൽകുന്ന സഹായങ്ങൾ സംബന്ധിച്ചും വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലപ്പുഴ മണ്ഡലത്തിൽ 1572 സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പ് വഴി സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ വഴി ധന സഹായം നൽകുന്നുണ്ട്.<br><br>1.**ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**<br><br>ഒരു ലക്ഷം സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോട് കൂടി 2022-23 സാമ്പത്തിക വർഷം സർക്കാർ സംരംഭകത്വ വർഷമായി ആചരിക്കുകയുണ്ടായി. അതിന്റെ ഭാഗമായി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് “”ഒരു കുടുംബം ഒരു സംരംഭം പദ്ധതി.” ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിനാണ് 'ഒരു കുടുംബം ഒരു സംരംഭം പദ്ധതി' വഴി വിഭാവനം ചെയ്യുന്നത്. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. സ്ഥിര മൂലധനത്തിനു മാത്രമായോ പ്രവർത്തന മൂലധനത്തിനു മാത്രമായോ ഇവയ്ക്കു സംയുക്തമായോ എടുക്കുന്ന ബാങ്ക് വായ്പകൾക്കു പദ്ധതി പ്രകാരം പലിശയിളവു ലഭിക്കുന്നതിനു അർഹത ഉണ്ടായിരിക്കുന്നതാണ്.<br>2. **ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണി ഗ്രാന്റ്**<br>വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാന ത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ പുതുതായി ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. വനിതകൾ, വികലാംഗർ, വിമുക്ത ഭടന്മാർ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന നല്കും. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും.<br>ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്.<br><br>3. **സംരംഭക സഹായ പദ്ധതി (Entrepreneur Support Scheme)**<br><br>വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പി ക്കുന്നതിനായി സംരംഭക സഹായ പദ്ധതി 2012 മുതൽ നടപ്പിലാക്കി വരുന്നു. പ്രാരംഭ സഹായം (Start-up support), |

നിക്ഷേപസഹായം(Investment Support), സാങ്കേതിക സഹായം (Technology Support) എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നല്കുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന മേഖലയിലെ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ പരമാവധി 40 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സ്ഥിരമൂലധന വായ്പ (Term Loan) എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സംരംഭ സഹായ പദ്ധതി പ്രകാരം യൂണിറ്റിന് അനുവദനീയ മായ സബ്സിഡിയുടെ 50% പരമാവധി (മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപ് ‘’’പ്രാരംഭ സഹായം ( Start Up support ’ ആയി നൽകുന്നു. ‘’’പ്രാരംഭ സഹായം’ പ്രകാരം ഉള്ള ആനുകൂല്യം യൂണിറ്റിന് സ്ഥിര മൂലധന വായ്പ അനുവദിച്ച ബാങ്ക് മുഖേന ആണ് വിതരണം ചെയ്യുന്നത്. പ്രസ്തുത ആനുകൂല്യം സ്ഥിരമൂലധന വായ്പ വിതരണം ചെയ്യുന്നതിന് ആനുപാതികം ആയി സ്ഥിരമൂലധന വായ്പ ( Term Loan) യുടെ പ്രിൻസിപ്പൽ എമൗണ്ടിൽ ചേർക്കുക ആണ് ചെയ്യുന്നത്. യൂണിറ്റ് ആരംഭിച്ച ശേഷം സംരംഭ സഹായ പദ്ധതി (ESS) പ്രകാരം അനുവദനീയമായ സബ്സിഡിയുടെ അവശേഷി ക്കുന്ന തുക ലഭിക്കുന്നതിന് യൂണിറ്റിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. **മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി**

ഉൽപ്പാദന മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തിക സഹായം നൽകുക, പ്രാരംഭ ഘട്ടത്തിൽ തന്നെ ആവശ്യമായ സാമ്പത്തിക സഹായം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം Approved Project Costന്റെ 75% സബ്സിഡിയായി നൽകുന്നു. (ഒരു യൂണിറ്റിന് പരമാവധി 10 ലക്ഷം രൂപ.) മൂന്നുഘട്ടങ്ങൾ ആയാണ് ആനുകൂല്യം നൽകുന്നത്. പദ്ധതിക്ക് അംഗീകാരം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അപേക്ഷ ഫോറവും മാർഗനിർദേശങ്ങളും തയാറാക്കി വരുന്നു.

5. **നിലവിലുള്ള എം.എസ്.എം.ഇ. കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം.**

നിലവിൽ പ്രവർത്തനക്ഷമമായ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് സഹായം നൽകുന്നതിനും സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പിന്തുണ നൽകുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിയാണിത്. പദ്ധതി പ്രകാരം വിപുലീകരണ പ്രൊജക്റ്റ് റിപ്പോർട്ട് തയാറാക്കുന്നതിന് ആവശ്യമായ ഫീസ് പൂർണ്ണമായും (പരമാവധി ഒരു ലക്ഷം രൂപ വരെ ) റീ ഇംബേഴ്സ് ആയി നൽകുന്നു. കൂടാതെ ഒരു യൂണിറ്റിന് വിപുലീകരണ കാലയളവ് വരെയുള്ള (വിപുലീകരണ പ്രോജക്റ്റ് റിപ്പോർട്ടിന് അനുമതി ലഭിച്ച തീയതി മുതൽ പരമാവധി 4 വർഷകാലയളവ് വരെ) സ്ഥിരമൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 200 ലക്ഷം രൂപ വരെ Fixed Capital Investment Subsidy- യും പ്രവർത്തന മൂലധന സഹായമായി ബാങ്ക് പലിശയുടെ 50% പരമാവധി 50 ലക്ഷം രൂപ വരെ പലിശയിളവും നൽകുന്നു. ഇപ്രകാരം ഒരു യൂണിറ്റിന് പദ്ധതി നിബന്ധനകൾക്ക് വിധേയമായി പരമാവധി രണ്ടുകോടി അമ്പത്തിയൊന്നു ലക്ഷം രൂപ വരെ ആനുകൂല്യം ലഭിക്കുന്നതാണ്.

ഈ പദ്ധതിപ്രകാരം, ധനകാര്യ സ്ഥാപനങ്ങൾ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്.

6. **പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)**

തൊഴിലും ഉത്പാദനവും വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയും പരമാവധി പദ്ധതി ചെലവ് വരുന്ന പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ വായ്പാ ബന്ധിതമായി ആരംഭിക്കാവുന്നതാണ്. അപേക്ഷയും അനുബന്ധ

രേഖകളും www.kviconline.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രം, KVIC, KVIB എന്നിവ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു.

| **ഗുണഭോക്താവിന്റെവിഭാഗം** | **സ്വന്തം മുതൽമുടക്ക്** | **ബാങ്ക് വായ്പ** | **സബ്സിഡി നിരക്ക്** | |
|---|---|---|---|---|
| | | | **നഗരം** | **ഗ്രാമ** |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷവിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

7. **സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി**

കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പദ്ധതി ഒരു ജില്ല ഒരു ഉൽപ്പന്നം എന്ന സമീപനമാണ് സ്വീകരിക്കുന്നത് (ODOP). സ്ഥിര മൂലധന നിക്ഷേപത്തിൻറെ 35% പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന വായ്പാബന്ധിത പദ്ധതിയാണിത്.

8. **കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി**

കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

| **ഗുണ ഭോക്താവിന്റെ വിഭാഗം** | **സഹായം (സ്ഥിര നിക്ഷേപത്തിൻറെ )** |
|---|---|
| ജനറൽ | 40% പരമാവധി 2 ലക്ഷം |
| യുവാക്കൾ (18-45 വയസ്സുള്ളവർ), സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗം | 50% പരമാവധി 3 ലക്ഷം |

.*അപേക്ഷകൻ കരകൗശല വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിരിക്കണം.

മേൽ പറഞ്ഞ പദ്ധതികൾ കൂടാതെ സംരംഭകർക്കായി നിരവധി സൗകര്യങ്ങളും വ്യവസായ വകുപ്പ് വഴി ഒരുക്കിയിട്ടുണ്ട്.

1. സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ വകുപ്പുകളുടെ അനുമതികൾ വേഗം ലഭ്യമാക്കുന്നതിനായി സർക്കാർ നിയന്ത്രിത ഓൺലൈൻ പോർട്ടലായ കെ-സ്വിഫ്റ്റ് വഴി നടപടികൾ ലളിതമാക്കിയിട്ടുണ്ട്

2. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി എം.എസ്.എം..ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

വ്യ3. വസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു.

4. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും 14 ജില്ലാ റിസോഴ്സ്പേഴ്സൺമാരെ നിയമിച്ചു .

| | | | |
|---|---|---|---|
| | | | 5. തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭകവർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 EDE കളെ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു.<br><br>6. സംസ്ഥാനത്തെ 1034 പഞ്ചായത്ത്, മുനിസിപ്പാ ലിറ്റി, കോർപ്പറേഷൻ ഓഫീസുകളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. ഈ ഹെൽപ്പ് ഡെസ്കുകൾ വഴി പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും ഇന്റേണുകളുടെ സേവനം പ്രയോജനപ്പെടുത്താം. |
| (ബി) | സംരംഭകശീലം വളർത്തുന്നതിന് പ്രസ്തുത മണ്ഡലത്തിലെ ആളുകൾക്ക് പ്രത്യേക പരിശീലന പരിപാടി നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | വകുപ്പിന്റെ ശേഷിവികസന പദ്ധതിയുടെ കീഴിലുള്ള ഫണ്ട് ഉപയോഗിച്ച് എല്ലാ വർഷവും ജില്ലകളിൽ സംരംഭക ശീലം വളർത്തുന്നതിന് വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്. ആലപ്പുഴ മണ്ഡലത്തിലും ആളുകൾക്കായി സംരംഭകത്വ ബോധവത്കരണ പരിപാടി, സംരംഭക വികസന പരിപാടി, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്ക് എന്നിവ നടത്തി വരുന്നുണ്ട്. സംരംഭക വർഷം പരിപാടിയുടെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൊതു ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ